ഉത്തരം

(എ) 27-2-1983-ൽ.

(ബി) ഉണ്ട്. പുതുക്കിപ്പണിയുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(സി) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ തുക വ്യക്തമാക്കാനാകില്ല.

കൊയിലാണ്ടി നഗരസഭയുടെ പൊതുവികസന പദ്ധതികൾ

77 (7374) ശ്രീ. കെ ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് കൊയിലാണ്ടി നഗസഭയിൽ നിന്ന് പൊതുവികസനവുമായി ബന്ധപ്പെട്ട് സർക്കാരിന് സമർപ്പിച്ചിട്ടുള്ള പ്രത്യേക പദ്ധതികൾ ഏതെല്ലാം ; ഓരോ പദ്ധതിയുടെയും വിശദാംശം വ്യക്തമാക്കുമോ ; പദ്ധതിയുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് കൊയിലാണ്ടി നഗരസഭ പൊതു വികസനത്തിനായി എടുത്തിട്ടുള്ള പ്രധാനപ്പെട്ട പ്രമേയങ്ങൾ എന്തെല്ലാം ; പകർപ്പുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കൊയിലാണ്ടി നഗരസഭയിൽനിന്ന് പദ്ധതികൾ ഒന്നുംതന്നെ സമർപ്പിച്ചിട്ടില്ല.

(ബി) നാല് പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ട്. പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾ

78 (7375) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. സാജു പോൾ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുചിത്വമിഷന്റെ പ്രവർത്തനം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ഖരമാലിന്യ പ്ലാന്റുകൾ നിർമ്മിക്കുന്നതിന് 2013-14-ൽ ശുചിത്വമിഷൻ ലക്ഷ്യമിട്ടിരുന്നുവോ എന്നറിയിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) ശുചിത്വമിഷനുവേണ്ടി 2013-14-ൽ ബജറ്റ് വിഹിതമായി നീക്കി വെച്ചത് എന്തുതുകയാണ് ; ഇതിൽ എന്തുതുക ചെലവഴിച്ചു എന്നതു സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശുചിത്വമിഷന്റെ പ്രവർത്തനം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ചെയർമാനായ ശുചിത്വ മിഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി തലത്തിലും, പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ചെയർമാനായ ജനറൽ ബോഡിതലത്തിലും സർക്കാർതലത്തിലും അവലോകനം നടത്തുന്നത് കൂടാതെ അക്കൗണ്ടന്റ് ജനറൽ നടത്തുന്ന ആഡിറ്റിംഗ് പ്രകാരവും അവലോകനം ചെയ്തുവരുന്നു.

(ബി&സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലസൗകര്യമുൾപ്പെടെ പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്നതനുസരിച്ചാണ് ഖരമാലിന്യ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ശുചിത്വമിഷൻ നൽകുന്നത്. 2013-14 വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളൊന്നുംതന്നെ പദ്ധതികൾ സമർപ്പിച്ചിരുന്നില്ല.

(ഡി) 2013-14-ൽ ശുചിത്വ മിഷനുവേണ്ടി ബഡ്ജറ്റ് വിഹിതമായി 91.85 കോടി രൂപ നീക്കിവച്ചിരുന്നു. ഇതിൽ 21.93 കോടി രൂപ ചെലവായിട്ടുണ്ട്.

നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം

79 (7376) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗരങ്ങൾ മാലിന്യമുക്തമാക്കാൻ സാധിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി വിവിധ ഘട്ടങ്ങളിൽ പ്രഖ്യാപിച്ച പദ്ധതികൾ ഏതെങ്കിലും പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ അത് ഏതാണെന്നും അതിന്റെ ഭാഗമായുള്ള ഭൗതികനേട്ടം എത്രത്തോളമാണെന്നും വെളിപ്പെടുത്തുമോ ;

(സി) പ്രഖ്യാപിത പദ്ധതികളിൽ നടപ്പിലാക്കാൻ സാധ്യമായിട്ടില്ലാത്തവ ഏതൊക്കെ ; വിശദമാക്കുമോ ;

(ഡി) ഈ സർക്കാർ ഓരോ വർഷവും മാലിന്യമുക്ത പരിപാടികൾക്ക് ബജറ്റിൽ വകയിരുത്തിയ തുകയും യഥാർത്ഥത്തിൽ ചെലവഴിക്കപ്പെട്ട തുകയും സംബന്ധിച്ച് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly